30831/2023/DB PD LSGD

സ.ഉ.(സാധാ) നം.621/2023/LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി (സി.എം.എൽ.ആർ.ആർ.പി )യിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി രൂപീകരിച്ച ജില്ലാതല സാങ്കേതിക സമിതി (DLTC)യിലെ റിട്ട. സൂപ്രണ്ടിങ് എഞ്ചിനീയർമാരുടെ കാലാവധി 2023 മാർച്ച് 31 വരെ നീട്ടിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി)വകുപ്പ്**

സ.ഉ.(സാധാ) നം.621/2023/LSGD തീയതി,തിരുവനന്തപുരം, 16-03-2023

---

പരാമർശം:-

1. 04.05.2020 തീയതിയിലെ സ.ഉ.(സാധാ)നം.818/2020/തസ്വഭവ.
2. 30.10.2021 തീയതിയിലെ സ.ഉ.(സാധാ) നം. 2149/2021/തസ്വഭവ.
3. 19.09.2022 തീയതിയിലെ സ.ഉ.(കൈ) നം.215/2022/LSGD
4. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.10.2022 തീയതിയിലെ ഡി.ബി.4/8614/CMLRRP/20/സി.ഇ/തസ്വഭവ (Vol.II) നം.കത്ത്.
5. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.01.2023 തീയതിയിലെ LIDEW/16/2023-DB4/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി(സി.എം.എൽ.ആർ.ആർ.പി) പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ റിട്ട. സൂപ്രണ്ടിങ് എഞ്ചിനീയർ ഉൾപ്പെടുന്ന ജില്ലാതല സാങ്കേതിക സമിതി (DLTC) പരാമർശം (1) രൂപീകരിച്ച് ഉത്തരവായിരുന്നു. ജില്ലാതല സാങ്കേതിക സമിതി (DLTC)യിലെ റിട്ട. സൂപ്രണ്ടിങ് എഞ്ചിനീയർമാരുടെ കാലാവധി 12 മാസമായി നിജപ്പെടുത്തി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (3) ജില്ലാതല സാങ്കേതിക സമിതി (DLTC)യിലെ റിട്ട. സൂപ്രണ്ടിങ് എഞ്ചിനീയർമാരുടെ കാലാവധി 2021 ആഗസ്റ്റ് മുതൽ ഒരുവർഷത്തേയ്ക്ക് കൂടി നീട്ടി നൽകി ഉത്തരവായിരുന്നു.

സി.എം.എൽ.ആർ.ആർ.പി പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവൃത്തികളിൽ ഭേദഗതികൾ വരുത്തി നിരന്തരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്ന സാഹചര്യത്തിലും , പ്രസ്തുത പദ്ധതി പ്രകാരം പ്രവൃത്തികളുടെ നിർവ്വഹണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും സൈറ്റ് ഇൻസ്പെക്ഷനായി നിയമിച്ച വിരമിച്ച സൂപ്രണ്ടിങ് എഞ്ചിനീയർമാരുടെ നിയമന കാലാവധി 08.2022 മുതൽ ഒരു വർഷത്തേക്കുകൂടി നീട്ടിനൽകണം എന്ന് പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശിപാർശ സമർപ്പിച്ചിരുന്നു.

ബഹു.മുഖ്യമന്ത്രിയുടെ 11.01.2023 തീയതിയിലെ പ്രയോരിറ്റി പ്രോജക്ടസ് (ബാച്ച് III)റിവ്യൂ മീറ്റിംഗിൽ സി.എം.എൽ.ആർ.ആർ.പിയിൽ ഉൾപ്പെട്ട എല്ലാ പ്രവൃത്തികളും 2023 മാർച്ച് 31 ന് അകം പൂർത്തീകരിക്കണമെന്നും കൂടാതെ ടി പ്രവൃത്തികൾ പൂർത്തീകരിക്കുവാനായി ഇനി സമയം നീട്ടിനൽകില്ലെന്നും തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ

പദ്ധതി(സി.എം.എൽ.ആർ.ആർ.പി ) പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി രൂപീകരിച്ച ജില്ലാതല സാങ്കേതികസമിതി (DLTC) യിൽ കരാർ അടിസ്ഥാനത്തിൽ നിയമിതരായ റിട്ട. സൂപ്രണ്ടിങ് എഞ്ചിനീയർമാരുടെ കാലാവധി ആഗസ്റ്റ് 2022 മുതൽ 2023 മാർച്ച് 31 വരെ നീട്ടി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പകർപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ, നഗരകാര്യം
ഡയറക്ടർ, റൂറൽ
ട്രഷറി ഡയറക്ടർ
ധനകാര്യ വകുപ്പ് (24.02.2023 ലെനം. e-1566167/ഡെവ-1/190/2020-ധന പ്രകാരം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ